# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/alp/P11-385/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/alp/P11-385/2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 27-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയരക്ടർ | 18-03-2021 | 27-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 27-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. എസ്സ്. എത്സമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. രാജേഷ്.കെ.ജി. അസി. ഓഡിറ്റ് ഓഫീസർ
കുമാരി. സജിമോൾ.വി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കെ.ബി. സുനിൽ, ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പത്മിനി.ഡി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | |
| ശ്രീ.വി. ബാബു | സെക്രട്ടറി | 01-04-2019 | 26-04-2019 |
| ശ്രീമതി.സരിത. എൽ | എച്ച്.സി.സെക്രട്ടറി (ഇൻചാർജ്ജ്) | 27-04-2019 | 24-05-2019 |
| ശ്രീ.വി. ബാബു | സെക്രട്ടറി | 25-05-2019 | 24-07-2019 |
| ശ്രീമതി. സരിത. എൽ | എച്ച്.സി. സെക്രട്ടറി (ഇൻചാർജ്ജ്) | 25-07-2019 | 30-07-2019 |
| ശ്രീ.വി. ബാബു | സെക്രട്ടറി | 31-07-2019 | 31-03-2020 |
| ശ്രീമതി.സ്വപ്ന.റ്റി.ആർ | കൃഷി ഓഫീസർ | 01-04-2019 | 23-09-2019 |
| ശ്രീമതി. സിന്ധു.എം. | കൃഷി ഓഫീസർ | 24-09-2019 | 31-03-2020 |
| ശ്രീമതി. സബിത.എസ്സ്.ജി. | അസി. എഞ്ചിനീയർ | 01-04-2019 | 22-01-2020 |
| ശ്രീമതി. ദീപ്തി.ജി. | അസി. എഞ്ചിനീയർ | 23-01-2020 | 05-03-2020 |
| ശ്രീ. സുരേശൻ.എസ്സ് | അസി. എഞ്ചിനീയർ | 06-03-2020 | 31-03-2020 |
| ഡോ.റജീന.ടി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ. അഖില.ബി.ജയകുമാർ | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 01-04-2019 | 31-03-2020 |
| ഡോ.റാണി ഭരതൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. നിഷ.എ | വിഇഓ (കടക്കരപ്പള്ളി) | 01-04-2019 | 29-11-2019 |
| ശ്രീ. സന്ദീപ്. വി.റ്റി. | വിഇഓ (കടക്കരപ്പള്ളി) | 02-12-2019 | 31-03-2020 |
| ശ്രീമതി.ബിജുമോൾ.ആർ | വിഇഓ (തങ്കി) | 01-04-2019 | 30-11-2019 |
| | | 01-12-2019 | 18-12-2019 |
| ശ്രീമതി. അമ്പിളി.എസ്സ്. | വിഇഓ (തങ്കി) | 19-12-2019 | 31-03-2020 |
| ശ്രീമതി. ശ്രീലത.കെ. | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സലീല.എം. | ഡി.എഫ്.ഐ | 01-04-2019 | 31-03-2020 |
| ശ്രീമതി. അഞ്ജലിദേവി.സി.എ | സബ് ഇനഡസ്പെക്റ്റർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. ജലജകുമാരി.കെ. | ഐസിഡിഎസ്സ് സൂപ്പർവൈസർ | 01-04-2019 | 29-05-2019 |
| ശ്രീമതി. അപർണ്ണ.എ | ഐസിഡിഎസ്സ് സൂപ്പർവൈസർ | 30-05-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh K.G (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 20-03-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rajesh K.G (Asst. Audit Officer, On 19-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 20-03-2021) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട ന്യൂനതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 03-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 12-04-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: Rajesh K.G (Asst. Audit Officer, On 19-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 31-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sajimol.V (Senior Grade Auditor, On 23-03-2021)<br>Last Updated By: Elsamma (Audit Officer, On 09-04-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Sajimol.V (Senior Grade Auditor, On 28-03-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sunil K B (Auditor, On 20-03-2021)<br>Last Updated By: Sunil K B (Auditor, On 20-03-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 25-03-2021)<br>Last Updated By: Sajimol.V (Senior Grade Auditor, On 28-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Sajimol.V (Senior Grade Auditor, On 28-03-2021) | 1-10 |
| 12 | ഇ-ടെണ്ടർ ഫീസ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല<br>Written By: Elsamma (Audit Officer, On 28-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 1-11 |
| 13 | കുത്തകപ്പാട്ടത്തിന് സ്ഥലം നൽകൽ<br>Written By: Sunil K B (Auditor, On 29-03-2021)<br>Last Updated By: Sunil K B (Auditor, On 31-03-2021) | 1-12 |
| 14 | ലേലം-വാടക പിരിവിലെ അപാകതകൾ<br>Written By: Sunil K B (Auditor, On 29-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-13 |
| 15 | ഡി & ഓ ലൈസൻസ് യഥാസമയം പുതുക്കി നൽകുന്നില്ല<br>Written By: Sunil K B (Auditor, On 29-03-2021)<br>Last Updated By: Sunil K B (Auditor, On 29-03-2021) | 1-14 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 29-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 29-03-2021) | 1-15 |
| 17 | വെള്ളക്കരമിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു<br>Written By: Rajesh K.G (Asst. Audit Officer, On 02-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 02-04-2021) | 1-16 |
| 18 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് -ഉപഭോഗത്തിനനുസൃതമായി തുക അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Rajesh K.G (Asst. Audit Officer, On 04-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-17 |
| 19 | തെരുവുവിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Sajimol.V (Senior Grade Auditor, On 29-03-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 10-04-2021) | |
| 20 | എസ്.എൽ.ഐ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.<br>Written By: Sajimol.V (Senior Grade Auditor, On 29-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-19 |
| 21 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Sajimol.V (Senior Grade Auditor, On 29-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-20 |
| 22 | ജീവതശൈലി രോഗങ്ങൾക്ക് മരുന്നും, അനുബന്ധ ഉപകരണങ്ങളും വാങ്ങൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Sunil K B (Auditor, On 27-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-21 |
| 23 | ചെലവുരേഖകൾ ഹാജരാക്കിയില്ല<br>Written By: Elsamma (Audit Officer, On 28-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-22 |
| 24 | കറവയുള്ള പശു (വനിത) അപാകതകൾ<br>Written By: Sunil K B (Auditor, On 29-03-2021)<br>Last Updated By: Sunil K B (Auditor, On 09-04-2021) | 1-23 |
| 25 | ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും ,മറ്റുപകരണങ്ങളും വാങ്ങൽ<br>Written By: Sunil K B (Auditor, On 27-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-24 |
| 26 | ഗ്രാമസഭ<br>Written By: Elsamma (Audit Officer, On 28-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-25 |
| 27 | ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗം<br>Written By: Elsamma (Audit Officer, On 28-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 1-26 |
| 28 | മാലിന്യസംസ്ക്കരണം, നിർമാർജ്ജനം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയില്ല<br>Written By: Elsamma (Audit Officer, On 02-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-27 |
| 29 | അഗതി രഹിത കേരളം- സേവനങ്ങൾ നൽകുന്നതിൽ കാലതാമസം<br>Written By: Rajesh K.G (Asst. Audit Officer, On 03-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-28 |
| 30 | ഗ്രാമ പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 03-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 08-04-2021) | 1-29 |
| 31 | തുക മുൻകൂറായി നൽകിയെങ്കിലും സ്കാനർ ലഭിച്ചിട്ടില്ല.<br>Written By: Rajesh K.G (Asst. Audit Officer, On 03-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-30 |
| 32 | പഠനമുറി- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 04-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-31 |
| 33 | ലാപ്ടോപ്പിന് യഥാർത്ഥ ബില്ല് പ്രകാരമുള്ളതിലധികം തുക അനുവദിച്ചു<br>Written By: Rajesh K.G (Asst. Audit Officer, On 04-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-32 |
| 34 | വീട് വാസയോഗ്യമാക്കൽ- അർഹതാ രേഖകൾ ഉറപ്പു വരുത്താതെ ആനുകൂല്യം നൽകി<br>Written By: Rajesh K.G (Asst. Audit Officer, On 04-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 04-04-2021) | 1-33 |
| 35 | ലൈഫ് ഭവന പദ്ധതി- അവലോകനം<br>Written By: Rajesh K.G (Asst. Audit Officer, On 04-04-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 08-04-2021) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Elsamma (Audit Officer, On 30-03-2021) | |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Sajimol.V (Senior Grade Auditor, On 25-03-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sajimol.V (Senior Grade Auditor, On 25-03-2021)<br>Last Updated By: Sajimol.V (Senior Grade Auditor, On 25-03-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 10-04-2021) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 30-03-2021)<br>Last Updated By: Elsamma (Audit Officer, On 30-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 20.02.2019 തീയതിയിലെ 1 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 16.03.2020-ലെ 4(1) തീരുമാനം പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ (20.02.2020-ലെ തീരു. നം. II)ശുപാർശ പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിക്കുകയുണ്ടായി. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ആദ്യ ബജറ്റ് പ്രകാരം | 25,53,26,104 | 24,10,48,010 |
| റിവൈസ്ഡ് ബജറ്റ് പ്രകാരം | 27,22,29,104 | 26,79,14,610 |
| വാർഷിക കണക്ക് പ്രകാരം | 6,96,11,499 | 6,15,02,871 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 02.06.2020 | - | - |

### 1-2-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട ന്യൂനതകൾ

1) പ്രധാന അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Key Ratios) വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ,എഫ് ).

2)വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1687179/- രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2199800/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു ഉകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) NREGS ക്യാഷ് ബുക്ക് പ്രകാരം ആകെ ചെലവ്3726580/- രൂപയാണ്. എന്നാൽ I& E പത്രിക ഷെഡ്യൂൾ I-6,ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ എന്നിവ പ്രകാരം ചെലവ് ഉക 58956000/- രൂപയാണ്.

4) ലൈസൻസ് രജിസ്റ്ററിൽ ഡിമാൻസ്, കളക്ഷൻ , ബാലൻസ് തയാറാക്കി വാർഷിക സംഗ്രഹം തയാറാക്കിയിട്ടില്ല.

5)തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം( പേജ് നം. 27) തൊഴിൽ നികുതി- ജീവനക്കാർ ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 633300/-, 629430/- , 3870/-. ആണെന്നിരിക്കെ അക്കൌണ്ട്സ് പ്രകാരം ഡിമാന്റ്-629430, കളക്ഷൻ, 629430/- രൂപയാണ്. ബാലൻസ് ഇല്ലായെന്നും കാണുന്നു.

6) ലേല രജിസറ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രേഖപ്പെടുത്തി വാർഷിക സംഗ്രഹം സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ടി ഇനങ്ങളിലെ അക്കൌണ്ട്സിലെ ഉകകളുടെ ആധികാരികത ഉറപ്പാക്കാൻ നിർവ്വാഹമില്ല.

7) തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഓണറേറിയം, ഡാറ്റാഎൻട്രി ഓപ്പറേറ്റർമാരുടെ വേതനം,ഇലക്ട്രിസിറ്റി ചാർജ്ജ്, തുടങ്ങിയവക്ക് 2018-19 സാമ്പത്തിക വർഷം പ്രൊവിഷൻ രേഖപ്പെടുത്താതെയാണ് തൻവർഷം(2019-20) ചെലവ് ചെയ്തിട്ടുള്ളത്. കൂടാതെ ടി ഇനത്തിലെ തൻവർഷ ചെലവുകൾക്കും പ്രൊവിഷൻ നൽകാതെയാണ് അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്കും മാറ്റി വെച്ചിട്ടുള്ളത് .

8) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. തൻവർഷം ആസ്തിയാർജ്ജിച്ച സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയ ഉക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷം ആർജ്ജിച്ച Movable Assets- Movable Assets-Plant, Machinery& Tools(410710101),Office Equipments & Other Equipments (410710103), Movable Assets- Furniture, Fixtures,Fittings &Electrical Appliances (410710104),Movable Assets-Others(410710199) തുടങ്ങിയവയുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

9) ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപെടുത്തി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.2019-20ലെ ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി ആസ്തികളുടെ വിവരങ്ങൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10) വസ്തു നികുതി സംബന്ധമായ ഡിമാന്റ്, കളക്ഷൻ ,ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ പത്രിക പ്രകാരമുള്ളത് വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുത്തിയത് സംബന്ധമായ രേഖകൾ ലഭ്യമല്ല.( ഡിമാന്റ് ക്രമീകരിച്ചത് , ബുക്ക് അഡ്ജസ്റ്റ്മെന്റ് - ജേണൽ എൻട്രിയെ സാധൂകരിക്കുന്ന രേഖകൾ- കിഴിവ്/ഒഴിവാക്കൽ/കൂട്ടിച്ചേർക്കൽ )

11) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

12)

അക്കൌണ്ട്സ് /സാംഖ്യാ എ.സി.ആർ പ്രകാരവും താഴെപ്പറയുന്ന ഗ്രാന്റുകളുടെ ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നുവെങ്കിലും ആയത് ഗ്രാന്റ് വിനിയോഗ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ടിനം | അക്കൌണ്ട്സ് / എ.സി. ആർ പ്രകാരം ചെലവ് | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം ചെലവ് | എ.സി. ആർ പ്രകാരം നീക്കിയിരിപ്പ് | ഗ്രാന്റ് വിനിയോഗ പത്രിക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 11150655 | 13593679 | 2173397 | -269627 |
| വികസന ഫണ്ട് - SCP | 938219 | 982337 | 840663 | 796545 |

വികസനഫണ്ട് (ജനറൽ ) -ൽ ഇപ്രകാരം 2443024/- രൂപയും വികസനഫണ്ട് (SCP) -ൽ ഇപ്രകാരം 44118/- രൂപയും വ്യത്യാസമുള്ളതായി കാണുന്നു.

## 1-3 സാമ്പത്തിക വിശകലനം( റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 64,21,449 |
| വരവ് | 6,31,90,050 |
| ആകെ | 6,96,11,499 |
| ചെലവ് | 6,15,02,871 |
| നീക്കിയിരിപ്പ് | 81,08,628 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 351075 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15767076 | 15767076 | 13593679 | 2173397 | ക്യൂ ബിൽ- 984025 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 1823000 | 1823000 | 982337 | 840663 | ക്യൂ ബിൽ- 130132 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 106000 | 106000 | 100416 | 5584 | |
| മെയിന്റനൻസ്, റോഡ് | 0 | 6015000 | 6015000 | 1997522 | 4017478 | ക്യൂ ബിൽ- 1789928 |
| മെയിന്റനൻസ്, നോൺ- | 0 | 4555000 | 4555000 | 4087072 | 467928 | ക്യൂ ബിൽ- |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് | | | | | | 311252 |
| സി.എഫ്.സി. | 0 | 9306294 | 9306294 | 3721140 | 5585154 | ക്യൂ ബിൽ-2423844 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | 1257676 | 639107 | 1896783 | 900000 | 996783 | |
| CSS-സ്വച്ഛ് ഭാരത് മിഷൻ | 345458 | 23645 | 369103 | 152009 | 217094 | |
| SSS-സാനിറ്റേഷൻ മിഷൻ | 1395332 | 0 | 1395332 | 0 | 1395332 | |

സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് കോടിക്കണക്കിന് രൂപയാണ്.

ഓഡിറ്റ് വർഷം പഞ്ചായത്തിന് വിവിധ ഇനങ്ങളിലുള്ള പദ്ധതി വിഹിതമായി വകയിരുത്തിയിരുന്ന തുകയിൽ 1.30 കോടി രൂപ ചെലവഴിച്ചിട്ടില്ല.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ട വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്. ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ലഭ്യമായ ഇത്രയും ഭീമമായ തുക യഥാസമയം ചെലവഴിക്കാൻ കഴിയാതിരുന്നത് ഗൌരവതരമാണ്. ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 11700000 | 11700000 | 2000000 | 9700000 |
| വാർഷിക കണക്ക് പ്രകാരം | 1257676 | 639107 | 1896783 | 900000 | 996783 |

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സ്വച്ഛ് ഭാരത് മിഷൻ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 7569920 | 7569920 | 274120 | 7295800 |
| വാർഷിക കണക്ക് പ്രകാരം | 345458 | 23645 | 369103 | 152009 | 217094 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ലൈഫ് സ്റ്റേറ്റ് ഷെയർ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 337171456 | 337171456 | 18054000 | 319117456 |
| വാർഷിക കണക്ക് പ്രകാരം | 0 | 16300000 | 16300000 | 15580000 | 720000 |

മേൽ വിവരിച്ച പരാമർശങ്ങൾക്ക് വിധേയമായി മാത്രമാണ് ഈ റിപ്പോർട്ടിലെ അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 81429315 | 84 | 48439620 | 36 | 18 | 51.44% |

<u>ബി. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് കണക്ക്</u>

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 1132726 | 804726 | 71 |
| വെറ്ററിനറി സർജ്ജൻ | 12 | 9 | 2830881 | 925181 | 33 |
| മെഡിക്കൽ ഓഫീസർ- | 4 | 4 | 848000 | 836762 | 99 |

| | | | | | |
|---|---|---|---|---|---|
| CHC | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1189000 | 1187928 | 99 |
| വി.ഇ.ഒ | 14 | 10 | 36973239 | 25918191 | 70 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 4400012 | 4053559 | 92 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1650000 | 1550000 | 94 |
| സെക്രട്ടറി | 24 | 19 | 8471882 | 6465436 | 76 |
| എച്ച്.എം | 5 | 4 | 1479094 | 1448990 | 98 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 57 | 21 | 21759342 | 4857147 | 22 |

പരമാവധി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 140989 | 1833591 | 1974580 | 1974580 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 56981420 | 56981420 | 56981420 | 0 |
| | | | | 58956000 | |

l6=56023869+2932131(C.C)

## 1-7 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|
| തൊഴിൽ രഹിത വേതനം | 397320 | 211 |
| കർഷകതൊഴിലാളി പെൻഷൻ | 1228200 | 211 |
| വിധവാ പെൻഷൻ | 21,31,800 | 407 |
| വാർദ്ധക്യകാല പെൻഷൻ | 76,17,000 | 1759 |
| വികലാംഗ പെൻഷൻ | 16,53,400 | 293 |
| അവിവാഹിത പെൻഷൻ | 3,69,000 | 64 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം. | 60,000 | 2 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-03-2021 തീയ്യതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ/ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 16710 /- രൂപ ക്യാഷ്ബാലൻസിന്റെ/നീക്കിയിരുപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്. എന്നാൽ

പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ അവശേഷിക്കുന്ന ഫയലുകളുടെ കൃത്യത പരിശോധിക്കാനാവുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

4.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.2.2021 | 2/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.7.2017-22.7.2017 | 2012-2017 | 14.9.2017 |

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 2/21 കാലയളവിലെ ഓഡിറ്റ് 15.2.21 പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ പരാമർശങ്ങളിന്മേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുൻകാല റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ഇ-ടെണ്ടർ ഫീസ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 13489/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കുത്തകപ്പാട്ടത്തിന് സ്ഥലം നൽകൽ

പഞ്ചായത്തിന്റെ കുത്തകപ്പാട്ടം രജിസ്റ്റർ പരിശോധിച്ചതിൽ 56 വ്യക്തികൾക്ക് പഞ്ചായത്തിന്റെ സ്ഥലം കുത്തകപ്പാട്ടത്തിന് നൽകിയിട്ടുണ്ട്. ഒരു വ്യക്തിയ്ക്ക് തന്നെ പല സർവ്വേ നമ്പരിലുള്ള വസ്തുക്കൾ പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേരും പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള തുച്ഛമായ പാട്ടത്തുക പോലും അടവാക്കുന്നില്ല. 2019-20 വർഷം 6 പേരിൽ നിന്നായി ഒട്ടാകെ 355/- രൂ. മാത്രമാണ് കുത്തകപ്പാട്ടം ഇനത്തിൽ ലഭിച്ചിട്ടുള്ളത്. മുൻവർഷങ്ങളിലേതടക്കം കുത്തകപ്പാട്ടമിനത്തിൽ 13183/- രൂപ പഞ്ചായത്തിന് കുടിശികയിനത്തിൽ തന്നെ ലഭിക്കുവാനുണ്ട്.

| അരിയർ ഡിമാന്റ് | കളക്ഷൻ | ബാലൻസ് | തൻവർഷ ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|
| 10780 | 100 | 10080 | 2858 | 355 | 2503 |
| ആകെ | | | | | 13183/- |

കുത്തകപ്പാട്ടത്തിന് നൽകിയ സ്ഥലത്തിന് പഞ്ചായത്ത് കൃത്യമായി കരം അടയ്ക്കുന്നുണ്ടോ? ആകെ എത്ര സെന്റ് സ്ഥലം കുത്തകപ്പാട്ടത്തിന് നൽകിയിട്ടുണ്ട് ? കാലാനുസൃതമായി കുത്തകപ്പാട്ടം പുതുക്കാറുണ്ടോ ? രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? തുടങ്ങിയ വിവരങ്ങൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് (6/23-03-21) ന് മറുപടി ലഭ്യമാക്കിയില്ല. ടി ഭൂമിയുടെ വിശദാംശങ്ങൾ അടിയന്തിരമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താനും , കുടിശിക തുക ഈടാക്കാനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുത്തകപ്പാട്ടം കാലാനുസൃതമായി പരിഷ്കരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ലേലം-വാടക പിരിവിലെ അപാകതകൾ

1) പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഒരു പ്രൈവറ്റ് മാർക്കറ്റ് പഞ്ചായത്ത് ലേലത്തിൽ നൽകിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനായി 26062/- രൂപയും കൈപ്പറ്റിയതായി ലേല രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. മാർക്കറ്റ് റസിപ്റ്റിലും (ഐ-4ബി) ആർപി 43യിലും മാർക്കറ്റ് വരുമാനമെന്ന ഇനത്തിൽ വാർഷിക കണക്കിലും ഈ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൈവറ്റ് മാർക്കറ്റ് പഞ്ചായത്ത് എങ്ങിനെയാണ് ലേലം ചെയ്യുക പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തേണ്ടതാണ്.

2) പഞ്ചായത്തിന്റെ അധീനതയിലുള്ള പബ്ലിക് മാർക്കറ്റ് ലേലം ചെയ്യാതെ മുൻ വർഷം നടത്തിയ ആൾക്ക് തന്നെ2019-20 വർഷം 72000/- രൂപയ്ക്ക് മാർക്കറ്റ് നടത്തുവാനുള്ള അവകാശം നൽകിയിരിക്കുന്നു. ഈ തുകയുടെ 18% ജിഎസ്ടി എടുക്കേണ്ടതുണ്ട്. (12960/- രൂപ) എന്നാൽ 12780/- രൂപ മാത്രമേ ജിഎസ്ടി ഇനത്തിൽ ഈടാക്കിയിട്ടുള്ളൂ. 180/- രൂപയുടെ കുറവ്. ലേല രജിസ്റ്ററിൽ ഡിസിബി എഴുതി സൂക്ഷിക്കുന്നില്ല. അതുകൊണ്ട് തന്നെ 2017-18 വർഷത്തെ ലേല കുടിശിക തുകയായ 250/- രൂപ ഈടാക്കിയതായോ, അരിയർ കുടിശികയായി നിലനിൽക്കുന്നതായോ രേഖകളില്ല.

3) പഞ്ചായത്തിന്റെ കടമുറി വാടകയ്ക്ക് നൽകിയ ഇനത്തിൽ മുഹമ്മദ് ഷെരീഫ് 3948/-രൂപ വാടക കുടിശിക നൽകുവാനുള്ളതായി കാണുന്നു. ടിയാളിൽ നിന്നും കുടിശിക പലിശ സഹിതം ഈടാക്കേണ്ടതാണ്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി-7/24-03-21 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-14 ഡി & ഓ ലൈസൻസ് യഥാസമയം പുതുക്കി നൽകുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 പ്രകാരം ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനുള്ളിൽ നിയമം അനുശാസിക്കും പ്രകാരമുള്ള ഫീസും, അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ലൈസൻസ് പുതുക്കി നല്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ കാലാവധിക്കുള്ളിൽ അല്ലാതെ വർഷം മുഴുവനും ലൈസൻസ് പുതുക്കി നൽകുന്ന പ്രവണത കണ്ടു വരുന്നു. ഇതു മൂലം പഞ്ചായത്തിന് യഥാസമയം കിട്ടേണ്ടുന്ന വരുമാനം ലഭിക്കുന്നില്ല എന്ന് മാത്രമല്ല, ലൈസൻസ് പുതുക്കുന്നതു വരെയുള്ള കാലയളവിൽ ലൈസൻസ് ഇല്ലാതെ തന്നെ വ്യാപാര സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി,മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്ന വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ /തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2004-05 മുതൽ സെക്യൂരിറ്റി ഡെപ്പോസിറ്റിനങ്ങളിൽ 250791/- രൂപയും ഇ.എം.ഡി ഇനങ്ങളിൽ 42347/- രൂപയും ആയി കാലഹരണപ്പെട്ട നിക്ഷേപം ഉള്ളതായി കാണുന്നു.

ടി നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടുണ്ടോയെന്ന ഓഡിറ്റന്വേഷണത്തിന് (05/24.03.21) ലഭിച്ച മറുപടിയിൽ ടി തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.03.2021-ലെ മീറ്റിംഗിൽ രണ്ടാം അജണ്ടയായി വിഷയം പരിഗണിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വെള്ളക്കരമിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു

2019-20 വർഷം 273പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 119438/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിക്ക് റോഡിതര ഗ്രാന്റിൽ നിന്നും അടവാക്കിയിട്ടുണ്ട്. (പ്രോജക്ട് നം. 03/2020)

ഇതിനു പുറമേ 16553/- രൂപ ജി.ഒ. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. (സ്രോതസിൽ നിന്നുള്ള കിഴിവ് പ്രകാരം ) ടി തുക വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ കുറവ് വരുത്തിയതായി കാണുന്നില്ല. പ്രസ്തുത തുകയുടെ കൈപ്പറ്റ് രസീതും ഹാജരാക്കിയിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം( BillNo : 41666/13.03.20) ഗ്രാമപഞ്ചായത്ത് 31-03-2020 വരെ അതോറിറ്റിയ്ക്ക് നൽകാനുള്ള വെള്ളക്കര കുടിശിക ഫൈൻ അടക്കം7,98,719/- (783353/-+15366) രൂപയാണ്. പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ

ഗാർഹിക കുടിവെള്ള കണക്ഷനുകൾക്കായി ഗ്രാമ പഞ്ചായത്തിൽ നിന്നും ഓരോ വർഷവും ധാരാളം പണം ചെലവഴിച്ചിട്ടും പൊതുടാപ്പുകളുടെ എണ്ണത്തിലോ തുകയിലോ വ്യത്യാസം വന്നിട്ടില്ല.

സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അതിനനുസൃതമായി വെള്ളക്കരം അടവാക്കി കടിശ്ശിക ബാധ്യത ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് -ഉപഭോഗത്തിനനുസൃതമായി തുക അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന്റെ വിവരം പരിശോധിച്ചതിൽ (കൺസ്യൂമർ നം. 1549) ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 2019-20 വർഷം താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

April 39206/- രൂപ May- 43413/-രൂപ,June -39206/-രൂപ, July- 39206/-രൂപ,Aug- 43140/-രൂപ, Sept- 43197/-രൂപ, Oct- 43158/-രൂപ,Nov-43157/-രൂപ,Dec-43157/-രൂപ, Jan-43157/-രൂപ, Feb-43157/-രൂപ, Mar- 43633/-രൂപ. കെ.എസ്.ഇ.ബി. നല്കുന്ന ബില്ലിനനുസരിച്ച് ഗ്രാമപഞ്ചായത്ത് തുക ഒടുക്കുന്ന പ്രവണതയാണ് അനുവർത്തിച്ച് പോരുന്നത്. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം, ഉപഭോഗം, നിരക്ക് എന്നിവയുടെ വിവരങ്ങൾ അടങ്ങിയ താരിഫ് കാർഡ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം (14/26.03.21) മുഖേന ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 27.03.2012-ലെ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയുള്ള ഓട്ടോ മാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ടി സംവിധാനം ഏർപ്പെടുത്തിയിട്ടില്ലായെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി.

തെരുവു വിളക്കുകളുടെ എണ്ണം , തരം എന്നിവ തിട്ടപ്പെടുത്തുന്നതിനായി പഞ്ചായത്ത് കെ.എസ്സ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് കത്ത് നൽകിയെങ്കിലും തുടർനടപടിയൊന്നും കെ.എസ്.ഇ.ബി. അധികൃതരുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ല.

നിലവിൽ ഉയർന്ന വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ മാറ്റി തീരെ കുറഞ്ഞ വൈദ്യുത ഉപഭോഗമുള്ള വിളക്കുകൾ ഉപയോഗിച്ചാൽ കറന്റ് ചാർജ്ജ് നിലവിലുള്ളതിന്റെ ഭൂരിഭാഗവും ലാഭിക്കുവാൻ കഴിയുന്നതാണ്. കൂടാതെ മീറ്ററിംഗ് സംവിധാനത്തോടു കൂടിയുള്ള ഓട്ടോ മാറ്റിക് തെരുവു വിളക്കുകൾ സ്ഥാപിച്ചും കെ..എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തി തെരുവു വിളക്കുകളുടെ എണ്ണം ,തരം എന്നിവ തിട്ടപ്പെടുത്തി യഥാർത്ഥ ഉപഭോഗത്തിനനുസൃതമായി വൈദ്യുത ചാർജ്ജടവാക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 തെരുവുവിളക്കുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ ,തെരുവുവിളക്കുമായി ബന്ധപ്പെട്ട പരാതികളും പരിഹരിച്ച പരാതികളുടെ വിവരങ്ങളും എഴുതുന്ന പെറ്റീഷൻ രജിസ്റ്റർ കേടായ സാധനങ്ങൾ തിരികെ ഏൽപ്പിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കൃത്യത പാലിച്ച് തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-19 എസ്.എൽ.ഐ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ എസ്.എൽ.ഐ

ജി.ഒ.(പി)149/2016/ധന/04.10.2016 പ്രകാരം 01.01.2017പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഈടാക്കുന്നില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തുക | ഈടാക്കുന്ന തുക | കുറവ് |
|---|---|---|---|---|---|
| 1 | പി.ഷാജിമോൻ ,ക്ലർക്ക് | 35,700/- | 500 | 250 | 250 |
| 2 | സേവ്യർ.പി.എ, ക്ലർക്ക് | 30,700/- | 300 | 225 | 75 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12(A) നം ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ ജീവനക്കാരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിൽ വരിസംഖ്യ ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.സർക്കാർ യഥാകാലം നിശ്ചയിക്കുന്ന നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി എടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷത്തിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം 2019-20 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 1228 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം. | 545 |
| സ്പിൽ ഓവർ | 125 |
| തൻവർഷം | 420 |
| | |

| | |
|---|---|
| ആകെ | 545 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം(സ്പിൽ ഓവർ ഒഴികെ ) | 115 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 430 |
| തൻ വർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 81 |
| പുതുതായി രജിസ്റ്റർ ചെയ് തഉൾപ്പെടെ 19-20-ലെ ആകെ തൊഴിലാളികളുടെ എണ്ണം. | 3795 |
| 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങളുടെ എണ്ണം. | 487 |
| തൻ വർഷത്തെ ആകെ ചെലവ് | 589.55 |
| തൊഴിലാളികളുടെ കൂലി | 50416739 |
| മെറ്റീരിയൽ | 6713199 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1825741 |
| ആകെ | 58955679 |

ഏറ്റെടുത്ത പ്രവൃത്തികളിൽ വളരെ ചെറിയ ശതമാനം പ്രവൃത്തികൾ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ.ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും രജിസ്റ്റർ ചെയ്യുന്ന മുഴുവൻ കുടുംബങ്ങൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനും കഴിയുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

1-21 ജീവതശൈലി രോഗങ്ങൾക്ക് മരുന്നും, അനുബന്ധ ഉപകരണങ്ങളും വാങ്ങൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

പ്രൊജക്റ്റ് നം. 46/19-20

അടങ്കൽ 50,000/-രൂ.

ചെലവ് 49,347/-രൂ.

നിർവ്വഹണം മെഡിക്കൽ ഓഫീസർ,

പിഎച്ച് സി, കടക്കരപ്പള്ളി

മെഡിക്കൽ ഓഫീസർ (പിഎച്ച്സി) നിർവ്വഹണ ഉദ്യോഗസ്ഥനായി ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 35066/- രൂപ ചെലവഴിച്ചതായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (പ്രഫോർമ ഇൻവോയ്സ് 1840) എന്നാൽ മരുന്നുകൾ പൂർണ്ണമായി ലഭ്യമായതായി രേഖയില്ല. ഇനിയും 26210/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ടെന്നു കാണുന്നു. എത്ര മരുന്നുകൾ ലഭ്യമായി, ഇനി എത്ര ലഭ്യമാകുവാനുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം- 10 / 24-03-2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 26210/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ടെന്നും ആയതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി കത്തിടപാടുകൾ നടന്നുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. 26210/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 ചെലവുരേഖകൾ ഹാജരാക്കിയില്ല

എച്ച്.എം. നിർവ്വഹണോദ്യാഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. 22/19-20

സർക്കാർ സ്കൂളുകൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങളും ഉപകരണങ്ങളും വാങ്ങൽ

മെ.ഗ്രാ.റോഡിതരം -1,00,000/-

ചെലവ് - 94,540/-

സ്റ്റോക്ക് രജിസ്റ്റർ,അംഗനവാടികളുടെ റികിഷൻ, ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയില്ല

2. പ്രോജക്ട് നം. 85/19-20 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം

വികസനഫണ്ട് -3,75,752/- ചെലവ് -3,63,867/-

മെ.ഫണ്ട് റോഡിതരം - 2,18,633/- ചെലവ് -2,18,633

ഭക്ഷണം സപ്ളൈ ചെയ്ത സ്ഥാപനം ജി.എസ്.ടി.എടുത്തതിന്റെ രേഖകൾ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

ചെലവുരേഖകൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 19-20 വർഷത്തെ ട്രഷറി ബിൽ ബുക്കുകളും മേൽപ്പറഞ്ഞ രേഖകളും ഓഡിറ്റിൽ ഹാജരാക്കിയില്ല.ആയതിനാൽ

രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-23 കറവയുള്ള പശു (വനിത) അപാകതകൾ

പ്രോജക്ട് നം - S0026/19-20

പ്രോജക്ടിന്റെ പേര് - കറവയുള്ള പശു (വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ(വികസന ഫണ്ട്) - 15,40,000/-

ചിലവ് - 6,05,000/- (ചിലവ് പത്രിക പ്രകാരം) (275000 വികസന ഫണ്ട് + 330000 ഗുണ.വിഹിതം)

ബിൽ നമ്പർ - 24500/1/19-20/18-05-19

55000/8/19-20/25-02-20

55000/9/19-20/25-02-20

55000/10/19-20/25-02-20

82500/11/19-20/25-02-20

55000/12/19-20/24-02-20

ആകെ 327000/-

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ഈ പ്രോജക്റ്റിൽ 28 പശുക്കളെ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരുന്നതെങ്കിലും, 12 എണ്ണത്തിനെ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 50% സബ്സിഡിയും, 50% ഗുണഭോക്തൃവിഹിതവുമടക്കം ആകെ 55000/- രൂ. (27500+27500). എന്നാൽ സാവിത്രി, മോനപ്പള്ളി, മാടയ്ക്കൽ, കടക്കരപ്പള്ളി എന്ന ഗുണഭോക്താവിന് പശുവിനെ വാങ്ങി നൽകിയപ്പോൾ 27500/- രൂപയ്ക്ക് പകരം 24500/- രൂപ (ബിൽ നം.1/19-20/18-05-19) മാത്രമാണ് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചത്.. 3000/- രൂപ തനത് ഫണ്ടിൽ നിന്നും നൽകി. ഇങ്ങനെ ചെലവഴിച്ച 3000/- രൂപ ചെലവ് പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/23-03-2021) പ്ലാൻ ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് തനതു ഫണ്ടിൽ നിന്നും പണം നൽകിയതെന്ന മറുപടി നൽകി. പ്രൊജക്റ്റിലും, ചെലവ് പത്രികയിലും ഉൾപ്പെടുത്താതെ തനതു ഫണ്ട് യഥേഷ്ടം ചെലവഴിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ആയതിനാൽ ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് ചെലവ് പത്രികയിൽ ആവശ്യമായ ക്രമീകരികരണങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും ,മറ്റുപകരണങ്ങളും വാങ്ങൽ

പ്രോജക്ട് നം - S0042/19-20

പ്രോജക്ടിന്റെ പേര് - ആശുപത്രിയ്ക്ക് കമ്പ്യൂട്ടറും ,മറ്റുപകരണങ്ങളും_വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

അടങ്കൽ(വികസന ഫണ്ട്) - 44,000/-

ചിലവ് - 43330/-

ബിൽ നമ്പർ - 12/19-20/24-02-2020

വെറ്ററിനറി ആശുപത്രയിലേയ്ക്ക് കമ്പ്യൂട്ടറും, മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി. 2019-20 വർഷം നടപ്പിലാക്കിയ ഈ പദ്ധതിയ്ക്കായി 24-02-2020 ൽ ബിൽ മാറി തുക കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഇൻസ്റ്റാളേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 21-01-2021 ലാണ് കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. ഒരു വർഷത്തെ കാലതാമസം സംഭവിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിനൊപ്പം ഓർഡർ നൽകിയ പ്രിന്ററും വിതരണം നടത്താമെന്ന് കെൽട്രോൺ സമ്മതിച്ചിരുന്നതാണ്. എന്നാൽ ഒരു പ്രഫോർമാ ഇൻവോയ്സ് അല്ലാതെ ഇതിന്റെ ബില്ലോ അനുബന്ധരേഖകളോ വിതരണ രേഖകളോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. പ്രിന്റർ കൈപ്പറ്റിയതായോ ഇൻസ്റ്റാൾ ചെയ്തതായോ രേഖയില്ല. കെൽട്രോൺ വിതരണം നടത്തിയ ഏസർ ബ്രാൻഡഡ് കമ്പ്യൂട്ടറിന്റെ വാറന്റിയെപ്പറ്റി എവിടെയും സൂചിപ്പിച്ചിട്ടില്ല. അതുപോലെ യുപിഎസ്സ് ഇല്ലാതെയാണ് കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ഓഡിറ്റിൽ അടിയന്തിരമായി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി- 9/24-03-2021 നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ പണം കൈപ്പറ്റി ഒരു വർഷത്തിന് ശേഷമാണ് കെൽട്രോൺ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വരുന്ന അകാരണമായ കാലതാമസം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ ഓഡിറ്റ് തീയതി വരേയും പ്രിന്റർ വിതരണം നടത്തിയിട്ടില്ല. ആയതിന്റെ പണവും തിരികെ ഒടുക്കിയിട്ടില്ല. പ്രിന്ററിന് നൽകിയ 10176/- രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അതുപോലെ കമ്പ്യൂട്ടറിന്റെ വിലയായി കെൽട്രോണിന് നൽകിയിരിക്കുന്നത് 33,154/- രൂപയാണ്. എന്നാൽ ഏസറിന്റെ ബില്ലിൽ കമ്പ്യൂട്ടറിന്റെ വിലയായി കാണിച്ചിരിക്കുന്നത് 31,635/- രൂപയുമാണ്. 1,519/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഈ തുക തിരികെ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. 1519/-രൂപയുടെ ചിലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഗ്രാമസഭ

2019-2020 വർഷത്തിൽ രണ്ട് തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഒക്ടോബർ, ജനുവരി, മാസങ്ങളിലാണ് എല്ലാ വാർഡുകളിലും ഗ്രാമസഭാ യോഗങ്ങൾ നടന്നത്. ലേബർ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം, ആക്ഷൻ പ്ലാൻ തയ്യാറാക്കൽ, പദ്ധതി രൂപീകരണം എന്നീ നടപടിക്രമങ്ങൾക്കായാണ് ഗ്രാമസഭകൾ ചേർന്നിട്ടുണ്ടെങ്കിലും ക്വാറം തികയാതെയാണ് കൂടുന്നത്. മിനിറ്റ്സ് ബുക്കുകളിൽ ഹാജർ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി ക്ലോസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. നിയമപരമായ സമയപരിധി പാലിച്ചുകൊണ്ട് യോഗം വിളിച്ചു ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗം

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി.3/4620/12/സിഇ/ത.സ്വ.ഭ.വ തീയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്.

കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആയതനുസരിച്ച് 2019-20 വർഷത്തിൽ തൻവർഷം നടപ്പാക്കിയ 3 പ്രവൃത്തികളിലായി 198.96 കി.ഗ്രാം ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണം നം. 2 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പരമാവധി ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മാലിന്യസംസ്കരണം, നിർമാർജ്ജനം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയില്ല

പഞ്ചായത്ത് പരിധിയിലുള്ള ജൈവ-അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ നിർമാർജ്ജന സാധ്യതകൾ എന്നിവ സംബന്ധിച്ച പഠനം നടത്തി മാലിന്യസംസ്കരണം, നിർമാർജ്ജനം പദ്ധതി പ്രവർത്തനങ്ങൾ ഒന്നും തന്നെ തൻ വർഷം നടപ്പിലാക്കിയിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166 പ്രകാരം മാലിന്യ സംസ്കരണം സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഒന്നാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം ഏറ്റെടുത്ത താഴെപ്പറയുന്ന പ്രോജക്റ്റുകൾക്ക് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ഫണ്ട്/തുക |
|---|---|---|---|
| 1 | 123/19-20 | മെറ്റീരിയൽ റിക്കവറി കളക്ഷൻ സെന്റർ സ്ഥാപിക്കൽ | കേന്ദ്രാവിഷ്കൃതഫണ്ട് 640200/- |
| 2 | 115/19-20 | കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് | കേന്ദ്രാവിഷ്കൃതഫണ്ട് 300000/- |
| 3 | 116/19-20 | എയ്റോബിൻ കംപോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | കേന്ദ്രാവിഷ്കൃതഫണ്ട് 1059800/- |

പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-28 അഗതി രഹിത കേരളം- സേവനങ്ങൾ നൽകുന്നതിൽ കാലതാമസം

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി "അഗതി-ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം "(പ്രോജക്റ്റ് നമ്പർ 11/20) എന്ന പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 557134/- രൂപ വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 01/19-20/25.09.19)

185 അഗതികൾക്ക് 500 രൂപ മുതൽ 900 രൂപ വരെയുള്ള റേഞ്ചിൽ ഭക്ഷ്യ ധാന്യങ്ങൾ സപ്ലൈകോ കടക്കരപ്പള്ളിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഓരോ മാസവും വാങ്ങിയ ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, വിലവിവരം എന്നിവയുടെ സംഗ്രഹം ലഭ്യമല്ല. ആയതിനാൽ അവയുടെ വർഷാന്ത്യ സംഗ്രഹവും ലഭ്യമല്ലാത്തതിനാൽ ചെലവിന്റെ ആധികാരികത പരിശോധിച്ചുറപ്പിക്കാൻ സാധിക്കുന്നില്ല. ഭക്ഷ്യ ധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും വാങ്ങുമ്പോൾ ലഭിക്കുന്ന ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് നിർദ്ദേശം പ്രകാരം വിലവിവരങ്ങളുടെ സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചുകൊള്ളാമെന്നും ഓഡിറ്റിൽ മറുപടി ലഭ്യമാക്കി. സുതാര്യമായ രീതിയിൽ ചെലവ് വിവരം രേഖപ്പെടുത്തി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ അഗതി ആശ്രയ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ നിലവിൽ 132 പേരും രണ്ടാം ഘട്ടത്തിൽ 53 പേരും ഉൾപ്പെടെ ആകെ 185 ഗുണഭോക്താക്കളാണ് ഉള്ളത്.

ഇതിൽ വീട് ആവശ്യമുള്ള 62 കുടുംബങ്ങളും , വീടും സ്ഥലവും ആവശ്യമുള്ള 30 കുടുംബങ്ങളുമാണുള്ളത്. ഇപ്രകാരം പാർപ്പിട സൌകര്യം ആവശ്യമുള്ളവരിൽ 33 കുടംബങ്ങൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമുപയോഗിച്ചും ,7 കുടുംബങ്ങൾക്ക് ഐ . എ. വൈ.- ലൈഫ് ഭവന പദ്ധതികൾ പ്രകാരവും വീട് നൽകിയിട്ടുണ്ടെന്ന് സി.ഡി.എസിൽ നിന്നുള്ള വിവരമനുസരിച്ച് വി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും, വീടും സ്ഥലവും ആവശ്യമുള്ള 30 കുടുംബങ്ങൾക്ക് പുറമേ വീട് ആവശ്യമുള്ള 22 കുടംബങ്ങൾക്ക് കൂടി സേവനങ്ങൾ കിട്ടുന്നതിനായി ലിസ്റ്റിൽ അവശേഷിക്കുന്നു.

സമൂഹത്തിൽ അവശതയനുഭവിക്കുന്ന ഇവരുടെ ജീവിതത്തിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സി.ഡി.എസിന്റെ മേൽനോട്ടത്തിൽ നടത്തുന്നുണ്ടെങ്കിലും പൂർണ്ണമായ രീതിയിൽ തുടർസേവനങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. അഗതി രഹിത കേരളം എന്ന പേരിൽ കാനറ ബാങ്കിന്റെ (A/C : 5110101003475) ചേർത്തല ശാഖയിലെ അക്കൌണ്ടിൽ പാസ് ബുക്ക് പ്രകാരം 11,60,989/- രൂപ 25.02.2020-ൽ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ടി വിഷയത്തിൽ നൽകിയ

ഓഡിറ്റന്വേഷണത്തിന് (13/26.03.21) 2 കുടംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2016-17, 2017-18 വർഷങ്ങളിലായി 5,50,000/- രൂപ ലഭിച്ചിരുന്നുവെന്നും ഗുണഭോക്താക്കളിൽ ഒരാൾ മരണപ്പെട്ടതിനാലും മറ്റൊരാൾക്ക് വസ്തു തർക്കത്തെ തുടർന്ന് വീടുപണി ആരംഭിക്കാനും കഴിഞ്ഞിരുന്നില്ലാത്തതിനാലുമാണ് തുക ചെലവഴിക്കാൻ സാധിക്കാതിരുന്നതെന്നും ചലഞ്ച് ഫണ്ടിന്റെ ബാലൻസും പലിശ വരവും കൂടി ചേർത്താണ് ഇപ്രകാരം പാസ്ബുക്കിൽ നീക്കിയിരുപ്പുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. ഭവന നിർമ്മാണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക ലൈഫ് ഭവനപദ്ധതിയുമായി സംയോജിപ്പിച്ച് അടിയന്തരമായി വിനിയോഗിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ഗ്രാമ പഞ്ചായത്ത് ഓഫീസ് ഫർണീഷിംഗ്- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2019-20 വർഷം അക്രഡിറ്റഡ് ഏജൻസി വഴി നടപ്പാക്കിയ 92/2020-ാം നമ്പർ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 518086/-രൂപയും തനത് ഫണ്ടിൽ നിന്നും 981914/-രൂപയും ഉൾപ്പെടെ ആകെ 15 ലക്ഷം രൂപ വകയിരുത്തി 8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ( തനത് ഫണ്ട്- ചെക്ക് നം. 2434759/17.09.19- 6,00,000/- രൂപ ; ചെക്ക് നം. 60367/01.01.20 -2,00,000/- രൂപ)

12.70 ലക്ഷം രൂപയുടെ അടങ്കലിന് ഡി.പി.സി അംഗീകാരം ലഭിച്ചതോടെ നിർവ്വഹണ ഏജൻസിയായ ആലപ്പുഴ നിർമ്മിതി കേന്ദ്രം 12,66,042/- രൂപയുടെ എസ്റ്റിമേറ്റ് ഹാജരാക്കിയിരുന്നു. ഇതിൽ 11 എസ്റ്റിമേറ്റിനങ്ങളോടൊപ്പം എക്സിക്യൂട്ടീവ് ഹൈ ബാക്ക് റിവോൾവിംഗ് ചെയർ (8 എണ്ണം),റിവോൾവിംഗ് ചെയർ (13 എണ്ണം),നോൺ-റിവോൾവിംഗ് ചെയർ (21 എണ്ണം) എന്നീ ഇനങ്ങൾ കൂടി ഉൾപ്പെട്ടിരുന്നു. പിന്നീട് കസേര ഇനങ്ങൾ ഒഴിവാക്കി 10,50,000/-രൂപയിൽ നിജപ്പെടുത്തി നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് പുതുക്കി നൽകിയിരുന്നു. 29.07.2019-ൽ സ്ഥാപനവും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. That Nirmithi Kendra Shall Constuct/Shall Under Take Interior Works For Panchayat Office, Excluding Chair

2. Payment Schedule

Stage1: 50% Of The Total Cost On Excecution Of The Agreement.

Stage2:40% Of The Total Cost On Production Of Utilization Certificate.

Stage3: 10% Of The Total Cost After Submission Of The Final Bill.

പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ ചുവടെ കൊടുക്കുന്നു.

1) കസേരകൾ ഒഴിവാക്കിയിട്ടാണ് പ്രവൃത്തി നിർവ്വഹിക്കുകയെന്ന് നിർമ്മിതി കേന്ദ്രം കരാറിൽ തന്നെ വ്യക്തമാക്കിയിരിക്കേ കസേരയിനങ്ങൾ ഒഴിവാക്കിയ പുതുക്കിയ എസ്റ്റിമേറ്റായ 10,50,000/- രൂപയുടെ 50% തുകയായ 5,25,000/-രൂപയ്ക്ക് പകരം 6,00,000/- രൂപ സ്ഥാപനത്തിന് മുൻകൂറായി നൽകി.

2)01.01.2020-ലെ എ2-389/19-20(3)-ാം നമ്പർ ഉത്തരവ് പ്രകാരം 2,00,000/-രൂപ കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. മുൻകൂർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന് ശേഷമാണ് തുക നൽകേണ്ടത് എന്ന കരാറിലെ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.

3)എസ്റ്റിമേറ്റ് പ്രകാരം 10,50,000/-രൂപയുടെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തിയ്ക്കായി ആകെ 8,00,000/- രൂപയാണ് നൽകിയിട്ടുള്ളത്. 8ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചുവെന്ന കത്ത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന കാണിച്ചിട്ടുള്ള ഫൈനൽ ബിൽ നൽകിയിട്ടില്ല.

അപാകതളിന്മേൽ വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-30 തുക മുൻകൂറായി നൽകിയെങ്കിലും സ്കാനർ ലഭിച്ചിട്ടില്ല.

പഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്കാനർ വാങ്ങുന്നതിനായി ചുവടെ കൊടുത്തിട്ടുള്ള പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായും പ്രിന്റർ ലഭിച്ചതായി കാണുന്നില്ല.

പ്രോ.നം. :58/20( പഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്കാനർ വാങ്ങൽ)

അടങ്കൽ :36400/-( റോഡിതരം)

ചെലവ്: 14726/-(ബിൽ നം. 47/19-20 തീ:31.03.20)

A4-Multifuncttional Printer/Copier/Scanner വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രഫോർമ ഇൻവോയ്സ് പ്രകാരം ( TVM/ITBG/PI/RC/15808/19-20 തീ:18.02.2020) തുക ഓൺലൈൻ വഴി നൽകിയതായ സാംഖ്യാ പത്രിക മാത്രമാണ് ഫയലിൽ ഉള്ളത്. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല, പ്രിന്ററിന്റെ ഒറിജിനൽ ക്യാഷ് ബിൽ , പ്രിന്റർ ലഭിച്ചതായോ സ്റ്റോക്കിലെടുത്തതായോ ഉള്ള രേഖകൾ എന്നിവ ലഭ്യമല്ല. വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന്(25/27.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 പഠനമുറി- പ്രോജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

2019-20 വർഷം വി.ഇ.ഒ. തങ്കി സർക്കിൾ നിർവ്വഹിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

I)പ്രോ. നം. : 17/20(പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി)

അടങ്കൽ : 10,00,000/-(വി.ഫ.എസ്.സി.പി- 4 ലക്ഷം; ബ്ലോക്ക് വിഹിതം-6ലക്ഷം)

ചെലവ്:4,00,000/-(ബിൽ നം- 05/19-20 തീ:26.11.19 - 2,00,000/-

ബിൽ നം- 17/19-20 തീ:28.01.20 – 50,000/-

ബിൽ നം- 18/19-20 തീ:28.01.20 – 50,000/-

ബിൽ നം- 19/19-20 തീ:28.01.20 – 50,000/-

ബിൽ നം- 20/19-20 തീ:28.01.20 - 50,000/-)

ടി പ്രോജക്ട് മുഖേന 4 ഗുണഭോക്താക്കൾക്ക് തൻവർഷം 1ലക്ഷം രൂപ വീതം തുക നൽകിയിട്ടുണ്ട്. ഇതിൽ 3 ഗുണഭോക്താക്കൾ അവസാന ഗഡു കൈപ്പറ്റിയിട്ടുണ്ട്. ജയമോൾ എം.പി എന്ന ഗുണഭോക്താവ് മുഴുവൻ തുകയും കൈപ്പറ്റാത്തതിനാൽ ടിയാൾ പഠനമുറിയുടെ പണി പൂർത്തിയാക്കിട്ടില്ല. പ്രോജക്ടിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ വീടിന്റെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമല്ല.

2. മാർഗ്ഗരേഖയിൽ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത് എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ( മാർഗ്ഗരേഖ ഖ. 7.2.17) പിന്നീട് ഓവർസീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു നൽകാമെന്ന് 14.03.2017-ലെ സ.ഉ.(സാധാ)697/2017 നമ്പർ സർക്കാർ ഉത്തരവിൽ പ്രസ്താവിച്ചത് പ്രകാരം ഓവർസീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ 2 ലക്ഷം / 2ലക്ഷത്തിന് മേൽ മൂല്യം ഉണ്ടെന്നുള്ള മൂല്യ നിർണ്ണയ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. മെഷർമെന്റ് എടുത്ത് അളവുകൾ ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

ആനുകൂല്യം അനുവദിക്കുമ്പോൾ കൃത്യമായ അർഹതാ രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ശ്രദ്ധിക്കേണ്ടതാണ് . പഠനമുറി പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താവ് ആയത് എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടിയ്ക്കായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു .

## 1-32 ലാപ്ടോപ്പിന് യഥാർത്ഥ ബില്ല് പ്രകാരമുള്ളതിലധികം തുക അനുവദിച്ചു

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ്, സ്വാശ്രയ കോളേജുകളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി വിഭാവനം ചെയ്തതാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ട്.

പ്രോ. നം. : 16/20()

അടങ്കൽ : 1,50,000/-( വി.ഫ.- എസ്.സി.പി -130132; തനത് ഫണ്ട്-19868)

ചെലവ്: 1,37,370/-( ബിൽ നം. 28/19-20 തീ:13.03.20 -130132 )

ചെക്ക് നം. 060446/16.03.20 – 7238/-)

കെൽട്രോണിൽ നിന്നും CPRCS പോർട്ടലിൽ നിന്നും 6 ലാപ്ടോപ്പുകൾ വാങ്ങിയതിന് സ്ഥാപനത്തിന്റെ പ്രഫോർമ ഇൻവോയ്സ് നം. TVM/ITBG/PI/RC/16403/19-20 തീ:03.03.20 പ്രകാരം 6 ലാപ്ടോപ്പുകൾക്കായി നികുതിയടക്കം 137370/- രൂപയാണ്. എന്നാൽ ഫയലിനോടൊപ്പം ഹാജരാക്കിയ ഇ-വേ ബിൽ സിസ്റ്റത്തിലൂടെയുള്ള ഒറിജിനൽ ബിൽ പ്രകാരം 6 ലാപ്ടോപ്പുകളുടെ വില നികുതിയടക്കം 131078/-രൂപയാണ്.( RV200105008707/07.12.2020) 20.01.2020-ലെ ബിൽ പ്രകാരം).

എന്നാൽ കെൽട്രോണിന് പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയതിനാൽ യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 6292/- രൂപ ( 137370-131078) കെൽട്രോണിൽ നൽകിയിട്ടുണ്ട് . അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് ( നം. 20/27.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വില വ്യത്യാസമായ 6292/- രൂപ കെൽട്രോണിൽ നിന്നു തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ബില്ലിൽ അധികരിച്ച് നൽകിയ 6292/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 വീട് വാസയോഗ്യമാക്കൽ- അർഹതാ രേഖകൾ ഉറപ്പു വരുത്താതെ ആനുകൂല്യം നൽകി

വി.ഇ.ഓ നിർവ്വഹണം നടത്തിയ പട്ടികജാതിക്കാരുടെ വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് . വിശദാംശം ചുവടെ കൊടുക്കുന്നു .

പ്രോ. നം. : 17/20(പട്ടിക ജാതിക്കാരുടെ വീട് വാസയോഗ്യമാക്കൽ)

അടങ്കൽ : 6,00,000/-(വി.ഫ.എസ്.സി.പി)

ചെലവ്:4,80,000/-(ബിൽ നം- 09/19-20 തീ:26.11.19 - 90,000/-

ബിൽ നം- 11/19-20 തീ:26.11.19 – 30,000/-

ബിൽ നം- 12/19-20 തീ:28.11.19 – 60,000/-

ബിൽ നം- 13/19-20 തീ:22.01.20 – 90,000/-

ബിൽ നം- 14/19-20 തീ:22.01.20 – 90,000/-

ബിൽ നം- 25/19-20 തീ:03.03.20 – 30,000

ബിൽ നം- 27/19-20 തീ:09.03.20 – 45,000

ബിൽ നം- 29/19-20 തീ:31.03.20 – 45,000 )

വാസയോഗ്യമാക്കുന്ന വീടിന്റെ എസ്റ്റിമേറ്റ് ഉടമസ്ഥൻ തയാറാക്കണം, പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ, അവസാന ഗഡു നൽകുന്നതിന് മുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ ലഭിച്ചതിന് മാത്രമേ സബ്സിഡി തുക നൽകാവൂ എന്നീ നിബന്ധനകളോടെ ധനസഹായം നൽകുകയാണ് പ്രോജക്ട് ലക്ഷ്യം.

8 പേരുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും 7 പേർക്ക് തൻവർഷം ആനുകൂല്യം നൽകിയിട്ടുണ്ട്.

അപേക്ഷകൾ പരിശോധിച്ചതിൽ എല്ലാ ഗുണഭോക്താക്കളും ശൂന്യമായ കരാർ പത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചു കാണുന്നത് .

എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികളുടെ അളവ് എൽ.എസ്.ജി.ഡി.എഞ്ചിനീയർ/ഓവർസിയർ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തിയ ശേഷമാകണം സബ്സിഡി അനുവദിക്കേണ്ടത്. അളവുകൾ പരിശോധിച്ച് മൂല്യം നിർണ്ണയിക്കേണ്ടതിന് പകരം എസ്റ്റിമേറ്റിൽ തന്നെ മതിപ്പ് മൂല്യം കണക്കാക്കി ഓവർസിയർ മൂല്യം നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. ശ്രീമതി അമ്മിണി , ചാലു നിവർത്ത് എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥാവകാശ സാക്ഷ്യ പത്രത്തിൽ വീടിന്റെ കാലപ്പഴക്കം 6 വർഷം എന്നാണ് കാണിച്ചിട്ടുള്ളത്. കൌമാരി , വടക്കേ വീട് എന്ന ഗുണഭോക്താവിന്റെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം പ്രകാരം ടിയാളുടെ വീടിന്റെ കാലപ്പഴക്കം 7വർഷമാണ്. വിജന മോഹൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം വിശദമായ എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യ പത്രം എന്നിവ ലഭ്യമല്ല. പദ്ധതി പ്രകാരം ആദ്യ ഗഡു മുൻകൂർ തുകയായ 30000/- രൂപ ടിയാൾ കൈപ്പറ്റിയതായി കാണുന്നു. പണി പൂർത്തീകരിച്ചതായി കാണുന്നില്ല.

അപാകതയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ശ്രീമതി. അമ്മിണി ചാലു നിവർത്ത്, ശ്രീമതി. കൌമാരി വടക്കേ വീട് എന്നിവർ 2010 ഐ .എ. വൈ ഗുണഭോക്താക്കളാണെന്നുള്ള സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കാമെന്നും നിർവ്വഹണത്തിൽ വന്ന വീഴ്ചകൾ മനഃപൂർവ്വമല്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കുകയുണ്ടായി.അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് പണി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ലൈഫ് ഭവന പദ്ധതി- അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ ആകെ 2019-20 വർഷം രണ്ട് പദ്ധതികളിലായി (പ്രോ നം.111/20, 18/20) 3,06,75,456 രൂപ തൻവർഷം വകയിരുത്തിയതിൽ 2,26,99,943 രൂപ ചെലവഴിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ ജനറൽ വിഭാഗത്തിൽ 170ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ ജനറൽ വിഭാഗത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുക്കളും കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകാനുള്ള തുക |
|---|---|---|
| 1 | മേരി മാർഗരറ്റ് | 40000 |
| 2 | രജി | 40000 |
| 3 | അൽഫോൻസ | 40000 |
| 4 | ചന്ദ്രിക ദയാലു | 40000 |
| 5 | റോസ്മേരി | 40000 |
| 6 | ഗിരിജ ഷിബു | 40000 |
| 7 | ത്രേസ്യാമ്മ | 40000 |
| 8 | പ്രീത ജെസി | 40000 |
| 9 | ലിൻസി ജോൺ ബ്രിട്ടോ | 40000 |
| 10 | ക്ലാര ജയിംസ് | 40000 |
| 11 | തുളസി കുട്ടുങ്കൽ | 40000 |
| 12 | പ്രസന്ന പി.വി. | 60000 |
| 13 | നജിത്ത് കൊച്ചുചിറയിൽ | 20000 |
| 14 | വൽസല | 40000 |
| 15 | മിനി | 50000 |
| 16 | ജയ | 50000 |
| (ഓഡിറ്റ് തീയതി .03.2021) നൽകാനുള്ള ആകെ തുക | | 660000 |

മുൻകൂർ കൈപ്പറ്റിയതിന് ശേഷം നിർമ്മാണ പ്രവൃത്തി കഴിഞ്ഞിട്ടില്ലാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിപ്പിക്കാനുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

വിവിധ ഫണ്ടുകൾ വകയിരുത്തിയിതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് (ജനറൽ)

2018-19

| വകയിരുത്തിയ ഫണ്ട് | ലഭിച്ച തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 5540710 | 5540710 | 0 |

| | | | |
|---|---|---|---|
| (വികസന ഫണ്ട്-പൊതുവിഭാഗം) | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 681456 | 680000 | 1456 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1623347 | 1623347 | 0 |
| ഹഡ്കോ വായ്പ | 66154487 | 34486000 | 31668487 |
| ആകെ | 74000000 | 42330057 | 31669943 |

2019-20

| വകയിരുത്തിയ ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | മിച്ചം നിൽക്കുന്ന തുക |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം-വികസന ഫണ്ട്(പൊതു വിഭാഗം) | 3156800 | 3150000 | 6800 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1512076 | 1495943 | 16133 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2252580 | 0 | 2252580 |
| സംസ്ഥാന സർക്കാർ വിഹിതം | 18200000 | 15580000 | 2620000 |
| ഹഡ്കോ വായ്പ | 5554000 | 2474000 | 3080000 |
| ആകെ | 30675456 | 22699943 | 7975513 |

ജില്ലാ പഞ്ചായത്ത് വിഹിതമായി 2,252,580/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഫണ്ട് ലഭ്യമായില്ല. സംസ്ഥാന സർക്കാർ വിഹിതമായി 18200000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഫണ്ട് തൻവർഷം ലഭിച്ചത് 16300000 രൂപയാണ്.

എസ്. സി. വിഭാഗം ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന പദ്ധതി പ്രകാരം ഹഡ്കോയിൽ നിന്നംവായ്പയിനത്തിൽ തുക വകയിരുത്തിയിരുന്നില്ല,. മറ്റ് സ്രോതസ്സുകളിൽ നിന്നാണ് ചെലവ് ചെയ്തിട്ടുള്ളത്. എന്നാൽ വികസന ഫണ്ടിന്റെ രണ്ടാം ഗഡു (സ.ഉ. നം. 6015/2019/ധന തീ: 01.08.2019) , മൂന്നാം ഗഡു (സ.ഉ. നം. 10050/2019/ധന തീ: 21.12.2019) എന്നിങ്ങനെ അനുവദിച്ച ഉത്തരവുകളിൽ എസ്.സി.പി. ഫണ്ടിൽ നിന്ന് യഥാക്രമം 22059/-,22059- രൂപ KURDFC യുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തിരിച്ചടക്കാൻ വേണ്ടി സ്രോതസിൽ നിന്നും കിഴിവ് ചെയ്തതായി കാണുന്നു. ടി തുക തിരികെ ലഭിക്കാൻ ടി തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

### സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,00,000/- | പാലിനു സബ്സിഡി | 3,00,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,60,000/- | ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,60,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 15,10,620/- | സമ്പൂർണ്ണഭവനനിർമ്മാണപദ്ധതി ലൈഫ് | 14,95,943/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,97,847/- | പാലിയേറ്റീവ് കെയർ | 1,97,847/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 46920/- | സമഗ്രനെൽകൃഷിവികസനം | 46920/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,70,000/- | സമഗ്രപച്ചകൃഷിവികസനം | 1,70,000/- | |
| ജില്ലാപഞ്ചായത്ത് | 2019-20 | 1,00,000/- | അനുപൂരകപോഷകാഹാരം | 1,00,000/- | |
| ജില്ലാപഞ്ചായത്ത് | 2019-20 | 2,00,000/- | ശാരീരികമാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,00,000/- | |
| ജില്ലാപഞ്ചായത്ത് | 2019-20 | 2,50,000/- | പാലിന് സബ്സിഡി | 2,50,000/- | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ / ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| നിർമ്മിതി | പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ് | 17/09/2019-21900351/2434759 | 6,00,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 6,00,000/- |
| | | 01/01/2020-21900626/60367 | 2,00,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2,00,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ2,47,4000/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC-LIFE | | 36960000/- | 34486000/- | 2470589 | | 34489411/- |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് | വിഷയം |
|---|---|---|---|

| | | | |
|---|---|---|---|
| | | വർഷം | |
| 2010-11 | 4 | 2012-13 | ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പരിപാടിയും |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 63190050 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61502871 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 351075 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 26210 | ഡോ. അഖില ബി ജയകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-22 | 313173 | ശ്രീ.ശ്രീലത.കെ.ഹെഡ്മിസ്ട്രസ് |
| 1-24 | 11695 | ഡോ.റാണി ഭരതൻ, വെറ്ററിനറി സർജൻ |
| 1-30 | 14726 | ശ്രീ.വി. ബാബു ,സെക്രട്ടറി, |
| 1-32 | 6292 | അമ്പിളി, എസ്., വി.ഇ.ഒ, തങ്കി |
| ആകെ | 351075 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീലത.കെ.ഹെഡ്മിസ്ട്രസ് എച്ച്.എം | ജി.എൽ.പി.എസ്,കടക്കരപ്പള്ളി | ഗംഗാനിവാസ്,മരുത്തോർവട്ടം പി.ഓ.ചേർത്തല |
| ശ്രീമതി. അമ്പിളി.എസ്സ്. വി.ഇ.ഒ, തങ്കി | വി.ഇ.ഒ., തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | കൊത്തുപടിയിൽ, കുമരകം പി.ഒ., കോട്ടയം |
| ഡോ. അഖില. ബി. ജയകുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി., കടക്കരപ്പള്ളി | കേശവവിലാസം, സി.എം.സി 3, ചേർത്തല പി. ഒ |
| ബാബു. വി, സെക്രട്ടറി, കടക്കരപ്പള്ളി | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | ദേവികൃപ, പട്ടണക്കാട് പി.ഓ. |

| | | |
|---|---|---|
| | | ചേർത്തല |
| ഡോ. റാണി ഭരതൻ, വെറ്ററിനറി സർജൻ | വെറ്ററിനറി ഹോസ്പിറ്റൽ, കടക്കരപ്പള്ളി | പുഷ്പസരസ്സ്, കടക്കരപ്പള്ളി പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ. എഫ് .ജി.എ 5-1832/11/16-01-12 |
| 1997-98 | എൽ. എഫ്.ജി.എ 5 -1832/11/16-01-12 |
| 2001-02 | എൽ. എഫ് .ജി എ 5-1832/11/16.1.2012 |
| 2006-07,2007-08 | എൽഎഫ്എ8-40,41/2010/16.7.2010 |
| 2008-09 | എൽഎഫ്എപി2-1207/2011/10.1.2012/11.4.2012 |
| 2009-10 | എൽഎഫ്എ പി2-1208/2011/10.1.2012/11.4.2012 |
| 2010-11 | എൽഎഫ്എ പി2-550/2011/17.12.2012/31.1.2012 |
| 2011-12 | എൽഎഫ്എ പി2-1400/2012/ 14.12.2012/8.1.2013 |
| 2012-13 | എൽഎഫ്എ പി11-1841/2014/20.1.2015/3.3.2015 |
| 2013-14 | എൽ.എഫ്.എ-പി11-680/15, 15.07.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11/837/16, 30-7-2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി-പി11/1175/16, 1-11-2016/2-12-2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി-പി11/1034/17, 05.08.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി-പി11/1295/18, 05.09.2018 |
| 2018-19 | കെ.എസ്.എ.എ.എൽ.പി-പി11/122, 29.05.2020 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

ആലപ്പുഴ ജില്ലയിലെ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്